പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 305 — 25/04/2017-ൽ മറുപടിക്ക്

## മരുന്നുകളുടെ ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് മരുന്നുകളുടെ ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) | നിലവിൽ ഓൺലൈൻ മരുന്ന വ്യാപാരം നിയമാനുസൃതമാക്കികൊണ്ടുള്ള ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ല. ഓൺലൈൻ മരുന്നു-വ്യാപാരം നിയന്ത്രണപരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി മഹാരാഷ്ട്ര, എഫ്.ഡി.എ. കമ്മീഷണർ ഡോ.ഹർഷ്ദീപ് കാമ്ലെ, ഐ.എ. എസ്.ന്റെ അദ്ധ്യക്ഷതയിൽ ഒരു ഉപസമിതി രൂപീകരിക്കുവാൻ 48-ാമത് ഡ്രഗ്സ് കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ തീരുമാന-മായിട്ടുണ്ട്. ടി കമ്മറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതം ആക്കുന്നതിനായുള്ള ഭേദഗതികൾ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ലും, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലും വരുത്തുമെന്നാണ് പ്രതീക്ഷി-ക്കുന്നത്. |
| ബി) | ലഹരിക്കായി ഉപയോഗിക്കുന്ന ഹാബിറ്റ് ഫോമിങ്ങ് മരുന്നുകൾ ഓൺലൈനിൽ സുലഭമായി ലഭ്യമാകുന്ന കാര്യം ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | ബി) | കർണ്ണാടക, മഹാരാഷ്ട്ര, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ മേൽവിലാസം രേഖപ്പെടുത്തിയിട്ടുള്ള വെബ്സൈററു-കളിൽ നിന്നും ഡ്രഗ്സ് ആന്റ് കോസ് മെററിക്സ് ചട്ടങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി, വെബ്സൈററുകൾ വഴി മരുന്ന വ്യാപാരം നടത്തിയിരുന്ന ഏതാനും ഏജൻസി-കൾക്ക് (സ്നാപ്ഡീൽ, ആമസോൺ, ഫ്ലിപ്കാർട്ട്) എതിരെ സമീപകാലത്ത് ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോൾ അതോറിറ്റികൾ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത നടപടികളെ തുടർന്ന് ഓൺലൈൻ മരുന്ന വ്യാപാരം സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുക-യുണ്ടായി. കേരളത്തിൽ രജിസ്റ്റർ ചെയ്ത് ഓൺലൈൻ മരുന്ന വ്യാപാരം നടത്തുന്ന |

ശൃംഖലകൾ ഒന്നും തന്നെയില്ല. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏജൻസികളുടെ ഓൺലൈൻ ഔഷധ വ്യാപാര വെബ്സൈററുകൾ ശ്രദ്ധയിൽപ്പെടുകയും, ആയത് സംബന്ധിച്ച വിശദാംശങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സ്റ്റേററ് ലൈസൻസിംഗ് അതോറിറ്റിയെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സി)** നിലവിൽ മരുന്നുൽപ്പാദകരെയും വിതരണക്കാരെയും നിയന്ത്രിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടം നിർമ്മിക്കുമോ;

**സി)** ഉണ്ട്. നിലവിൽ മരുന്നുൽപ്പാദകരെയും വിതരണക്കാരെയും നിയന്ത്രിക്കുന്നതിന് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ന്റെ കീഴിൽ വ്യക്തമായ ചട്ടങ്ങൾ (ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945) നിർമ്മിച്ചിട്ടുണ്ട്.

**ഡി)** ഓൺലൈൻ മരുന്ന് വ്യാപാരത്തിന് രജിസ്ട്രേഷൻ നൽകുന്നത് ആരാണ്; രജിസ്ട്രേഷൻ നൽകുന്നത് സംബന്ധിച്ച രീതി വ്യക്തമാക്കുമോ;

**ഡി)** നിലവിൽ ഓൺലൈൻ മരുന്നു വ്യാപാരം നിയമാനുസൃതമാക്കികൊണ്ടുള്ള ചട്ടങ്ങൾ നിർമ്മിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ ഓൺലൈൻ വ്യാപാരത്തിനായുള്ള ലൈസൻസ് അനുമതിയോ മറ്റ് രജിസ്ട്രേഷനുകളോ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നാളിതുവരെയായി നൽകിയിട്ടില്ല.

**ഇ)** ആന്റി ബാക്ടീരിയൽ മരുന്നുകൾ ഇപ്പോൾ ഇന്റർനെറ്റ് വഴി വിൽക്കുന്നുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ ?

**ഇ)** കേരളത്തിൽ രജിസ്റ്റർ ചെയ്ത് ഓൺലൈൻ മരുന്നു വ്യാപാരം നടത്തുന്ന ശൃംഖലകൾ ഒന്നും തന്നെയില്ല. എന്നിരുന്നാലും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏജൻസികളുടെ ഓൺലൈൻ ഔഷധ വ്യാപാര വെബ്സൈററുകൾ ശ്രദ്ധയിൽപ്പെടുകയും, ആയത് സംബന്ധിച്ച വിശദാംശങ്ങൾ തുടർനടപടികൾക്കായി ബന്ധപ്പെട്ട സ്റ്റേററ് ലൈസൻസിംഗ് അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**